**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചി മുൻസിപ്പൽ കോർപ്പറേഷനിലെ റിട്ട. സൂപ്രണ്ട് ശ്രീ.കെ.പ്രദീപ്കുമാർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA No.1230/2017 മേലുള്ള 31/08/2017 ലെ അന്തിമ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം. 197/2018/തസ്വഭവ തീയതി, തിരുവനന്തപുരം : 22/01/2018

പരാമർശം : 1) ശ്രീ.കെ.പ്രദീപ്കുമാറിന് നഗരകാര്യ ഡയറക്ടർ മുഖേന നൽകിയ 06/01/2017 തീയതിയായുള്ള ഇയു2/154/2016/തസ്വഭവ നമ്പർ കുറ്റാരോപണ പത്രികയും വസ്തുതാവിവരണ പത്രികയും..

2) ശ്രീ.കെ.പ്രദീപ്കുമാർ 17/04/2017 സമർപ്പിച്ച 17/04/2017 തീയതിയായുള്ള നിവേദനം (Annexure – A7).

3) ശ്രീ.കെ.പ്രദീപ്കുമാർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA No.1230/2017 മേലുള്ള 31/08/2017 ലെ അന്തിമ വിധിന്യായം.

4) നഗരകാര്യ ഡയറക്ടറുടെ 30/10/2017, 11/12/2017 തീയതികളായുള്ള പി2-10013/17 നമ്പർ നടപടിക്രമങ്ങൾ.

5) നഗരകാര്യ ഡയറക്ടറുടെ 16/11/2017, 28/11/2017 തീയതികളിലെ പി2-10013/17 (1) നമ്പർ കത്തുകൾ.

## ഉത്തരവ്

കൊച്ചി മുൻസിപ്പൽ കോർപ്പറേഷനിൽ നിന്നും 31/05/2016 ൽ സൂപ്രണ്ട് തസ്തികയിൽ വിരമിച്ച് ശ്രീ.കെ.പ്രദീപ്കുമാറിന് അർഹതപ്പെട്ട പെൻഷൻ ആനുകൂല്യങ്ങൾ നാളിതുവരെ ലഭിച്ചിട്ടില്ലെന്നും ആയത് പലിശ സഹിതം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA No.1230/2017 മേൽ പരാമർശം (3) പ്രകാരമുള്ള അന്തിമ വിധിന്യായത്തിൽ ബഹു.കോടതി ഇപ്രകാരം നിർദ്ദേശിച്ചിരുന്നു.

"Appropriate decision will be taken by the Government on Annexure-A7 representation after hearing the applicant and the 3rd respondent as expeditiously as possible, at any rate, within a period of two months from the date of receipt of a certified copy of this order, which will be produced before the 1st respondent along with a copy of thos Original Application".

2) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, ശ്രീ.കെ.പ്രദീപ്കുമാറിനേയും മൂന്നാം എതിർകക്ഷിയുടെ പ്രതിനിധിയേയും തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ് അണ്ടർ സെക്രട്ടറി 12/12/2017 ന് നേരിൽ കേട്ടു. 31/05/2016 ൽ കൊച്ചി മുൻസിപ്പൽ കോർപ്പറേഷനിൽ നിന്നും സൂപ്രണ്ട് തസ്തികയിലാണ് വിരമിച്ചതെന്നും, വൈക്കം നഗരസഭയിൽ സൂപ്രണ്ടായി ജോലി നോക്കുമ്പോൾ 28/12/2015 ൽ പെൻ ബുക്ക് തയ്യാറാക്കി ഓഫീസിൽ ഏൽപ്പിച്ചുവെങ്കിലും

തുടർനടപടികൾ സ്വീകരിക്കാതെ, കൊച്ചി മുൻസിപ്പൽ കോർപ്പറേഷനിലേയ്ക്ക് സ്ഥലംമാറ്റിയെന്നും, ഇക്കാരണത്താൽ പെൻഷൻ ബുക്ക് ഓഡിറ്റ് വിഭാഗത്തിലേയ്ക്ക് കൈമാറുകയോ പ്രൊബേഷൻ ഡിക്ലറേഷൻ പോലുള്ള സർവ്വീസ് അപാകതകൾ പരിശോധിക്കുകയോ ചെയ്യാതെ പെൻഷൻ ബുക്ക് കൊച്ചി മുൻസിപ്പൽ കോർപ്പറേഷനിലേയ്ക്ക് കൈമാറിയത് പെൻഷൻ ആനുകൂല്യങ്ങളുടെ ലഭ്യതയെ പ്രതികൂലമായി ബാധിച്ചുവെന്നും, പിന്നീട് നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ഫയൽ കൊച്ചി മുൻസിപ്പൽ കോർപ്പറേഷനിൽ എത്തിച്ചുവെന്നും, സേവനപുസ്തകത്തിലെ അപാകതകൾ കാരണം അധികമായി കൈപ്പറ്റിയ ശമ്പള തുക കോർപ്പറേഷനിൽ ഒടുക്കണമെന്ന് 08/12/2017 ൽ കോർപ്പറേഷൻ അറിയിച്ചതിനെ തുടർന്ന്, നഷ്ടപരിഹാര ബോണ്ട് പ്രകാരം കോർപ്പറേഷന് അർഹതപ്പെട്ട തുക ഈടാക്കി ബാക്കി തുക അടിയന്തിരമായി അനുവദിക്കുന്നതിന് അപേക്ഷ നൽകിയിട്ടും നടപടിയൊന്നും ഉണ്ടായില്ലായെന്നും, വൈക്കം നഗരസഭയിൽ സൂപ്രണ്ടായിരുന്ന കാലത്ത് സംസ്ഥാന വ്യാപകമായി നടന്ന "ഓപ്പറേഷൻ ടൗൺ ആന്റ് സിറ്റി" യുടെ ഭാഗമായി 06/01/2016 ലെ സർപ്രൈസ് ചെക്കിൽ, 03/11/2016 ൽ കക്ഷിക്ക് നൽകുന്നതിനായി ഒപ്പുവച്ച അറിയിപ്പ് യഥാസമയം വിതരണം ചെയ്തില്ലായെന്ന് കണ്ടെത്തിയതിനാൽ പരാമർശം (1) പ്രകാരം ലഭ്യമാക്കിയ ചാർജ് മെമ്മോയ്ക്ക് മറുപടി നൽകുകയും തുടർന്ന് പരാമർശം (3) പ്രകാരമുള്ള ബഹു.കോടതിവിധിയുടെ അടിസ്ഥാനത്തിൽ, പരാമർശം (4) പ്രകാരമുള്ള നഗരകാര്യ ഡയറക്ടറുടെ നടപടിക്രമങ്ങൾ പ്രകാരം പെൻഷൻ ആനുകൂല്യങ്ങളും ഡി.സി.ആർ.ജി യും അനുവദിച്ചിട്ടുണ്ടെന്നും എന്നാൽ ടി സാമ്പത്തിക ആനുകൂല്യങ്ങൾ താമസിപ്പിച്ചതിനുള്ള പലിശ അനുവദിക്കണമെന്നും ഹിയറിംഗ് സമയത്ത് ശ്രീ.കെ.പ്രദീപ്കുമാർ ബോധിപ്പിച്ചു.

3) കൊച്ചി മുൻസിപ്പൽ കോർപ്പറേഷനിൽ നിന്നും സൂപ്രണ്ട് തസ്തികയിൽ 31/05/2016 ൽ വിരമിച്ച ശ്രീ.കെ.പ്രദീപ്കുമാറിന് പരാമർശം (4) ലെ നഗരകാര്യ ഡയറക്ടറുടെ 30/10/2017 തീയതിയിലെ നടപടിക്രമം പ്രകാരം ഡി.സി.ആർ.ജി ഒഴികെയുള്ള പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടെന്നും അപേക്ഷകന്റെ മുൻകാല ശമ്പള പരിഷ്കരണങ്ങൾക്ക് ഓഡിറ്റ് അംഗീകാരം ലഭിക്കാത്തതിനാലാണ് പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടതെന്നും, കൂടാതെ അപേക്ഷകൻ വിജിലൻസ് കേസിൽ ഉൾപ്പെട്ടതിനാൽ പരാമർശം (1) പ്രകാരം ലഭ്യമായ ചാർജ്ജ് മെമ്മോയ്ക്ക് നൽകിയ മറുപടിയിന്മേൽ വ്യക്തമായ അഭിപ്രായം വൈക്കം നഗരസഭാ സെക്രട്ടറി ലഭ്യമാക്കിയിട്ടില്ലായെന്നും, അച്ചടക്ക നടപടി പൂർത്തിയാകുന്ന മുറയ്ക്ക് ഡി.സി.ആർ.ജി നൽകാൻ തീരുമാനിച്ചിരുന്നുവെങ്കിലും സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകാത്ത കേസുകളിൽ ഡി.സി.ആർ.ജി തുക അനുവദിച്ച് നൽകണമെന്ന ഉത്തരവിന്റെ വെളിച്ചത്തിൽ പരാമർശം (4) ലെ നഗരകാര്യ ഡയറക്ടറുടെ 11/12/2017 ലെ നടപടിക്രമം പ്രകാരം അപേക്ഷകന് ഡി.സി.ആർ.ജി അനുവദിച്ചിട്ടുണ്ടെന്നും മൂന്നാം എതിർകക്ഷിയുടെ പ്രതിനിധി ഹിയറംഗ് സമയത്ത് ബോധിപ്പിച്ചു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.കെ.പ്രദീപ്കുമാറിനേയും മൂന്നാം എതിർ കക്ഷിയുടെ പ്രതിനിധിയേയും നേരിൽ കേട്ടതിന്റെയും പരാമർശം (1) പ്രകാരമുള്ള നിവേദനം (Annexure-A7) പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിലും പെൻഷൻ ആനുകൂല്യങ്ങളും ഡി.സി.ആർ.ജിയും അപേക്ഷകന് പരാമർശം (4) പ്രകാരം അനുവദിച്ചിട്ടുള്ളതിനാലും ഭരണപരമായ വീഴ്ചകളാണ് ടി കേസിന്

ആധാരമായി കാണുന്നത് എന്നതിനാൽ, ആയത് ഇത്തരം കേസുകളിൽ ആവർത്തിക്കുവാൻ പാടില്ല എന്ന് വൈക്കം നഗരസഭാ സെക്രട്ടറിയ്ക്കും നഗരകാര്യ ഡയറക്ടറേറ്റിനും നിർദ്ദേശം നൽകുന്നു, കൂടാതെ അപേക്ഷകന്റെ പേരിൽ വിജിലൻസ് കേസുണ്ടായതിനാലാണ് പെൻഷൻ ആനുകൂല്യങ്ങളും ഡി.സി.ആർ.ജി യും ലഭ്യമാക്കുന്നതിന് കാലതാമസമുണ്ടായത് എന്നതിനാൽ, ടി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള കാലതാസമത്തിന് പലിശ നൽകണമെന്ന അപേക്ഷകന്റെ പരാമർശം (1) പ്രകാരമുള്ള നിവേദനത്തിലെ (Annexure-A7) ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ നിരസിച്ച് ഉത്തരവാകുന്നു.

5) പരാമർശം (3) ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലിന്റെ വിധിന്യായം മേൽപ്പറഞ്ഞ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ.കെ.പ്രദീപ്കുമാർ, റിട്ട.സൂപ്രണ്ട്, കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, വൈക്കം നഗരസഭ
സെക്രട്ടറി, കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ